പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2974 18/06/2019-ൽ മറുപടിക്ക്

## പ്രൈമറി സ്കൂളിലെ അധ്യാപകരുടെ അടിസ്ഥാന യോഗ്യത

| ചോദ്യം<br>ശ്രീ.അബ്ദുൽ ഹമീദ്. പി: | | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ഓറിയന്റൽ എസ്.എസ്.എൽ.സി, പരീക്ഷ ഭവൻ നടത്തുന്ന അറബി അദ്ധ്യാപക പരീക്ഷ എന്നിവ പ്രൈമറി സ്കൂളിലെ അദ്ധ്യാപകരുടെ അടിസ്ഥാന യോഗ്യതകളുടെ കൂട്ടത്തിൽ പരിഗണിച്ചുവരുന്നുണ്ടോ; | (എ) | ഉണ്ട്. (കെ.ഇ.ആർ അധ്യായം XXXI, ചട്ടം 4 (2) പ്രകാരം ഓറിയന്റൽ സ്കൂളിൽ നിന്നുള്ള എസ്.എസ്.എൽ.സി;/ എൽ.പി സ്കൂളുകളിൽ എൽ.ജി അറബിക് ടീച്ചർ ആകാനുള്ള യോഗ്യതയാണ് ചട്ടങ്ങൾ 3(2) iv,3(2)(iv)(b), 4(2)(b) എന്നിവ പ്രകാരം പരീക്ഷാകമ്മീഷണർ നടത്തുന്ന അറബിക് മുൻഷി പരീക്ഷയോഗ്യത യു.പി, എൽ.പി സ്കൂളുകളിൽ എൽ.ജി അറബിക് ടീച്ചർ ആയി നിയമിക്കപ്പെടാനുള്ള യോഗ്യത യാണ്. എന്നാൽ 2014 ലെ എൻ.സി.റ്റി.ഇ ചട്ടങ്ങൾ അനുസരിച്ച് ഇവ പരിഗണിക്കാൻ കഴിയില്ല). |
| (ബി) | ഇതിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; അറബി അദ്ധ്യാപക പരീക്ഷ നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; അറിയിക്കാമോ; | (ബി) | എൻ.സി.റ്റി.ഇ ചട്ടങ്ങൾ നടപ്പാക്കുമ്പോൾ ഇതിൽ മാറ്റംവരുത്തേണ്ടിവരും, ഇക്കാര്യത്തിൽ തീരുമാനമായിട്ടില്ല. |
| (സി) | അഫ്സലുൽ ഉലമ പ്രിലിമിനറി, ബി.എ ഡിഗ്രി, ബി.എ അഫ്സലുൽ ഉലമ ഡിഗ്രി എന്നീ യോഗ്യതകൾ ഉള്ളവരെ പോലെ ഇവർക്കും ഡി.എൽ.എഡ് കോഴ്സിന് അഡ്മിഷൻ ലഭിക്കുന്നതിന് യോഗ്യത ഉണ്ടോ; | (സി) | ഡി.എൽ.എഡ് കോഴ്സ് പ്രവേശനത്തിനുള്ള അടിസ്ഥാന യോഗ്യത +2 50% മാർക്കോടെ വിജയിക്കുകയും ഓറിയന്റൽ എസ്.എസ്.എൽ.സി യോ അറബിക് അദ്ധ്യാപക പരീക്ഷയോ മറ്റോ വിജയിക്കുകയും ചെയ്യുന്നവർക്കും പ്രസ്തുത കോഴ്സിൽ പ്രവേശനം ലഭിക്കുന്നതാണ്. |
| (ഡി) | ബി.എഡ് കോഴ്സിനെ പോലെ ഡി.എൽ.എഡ് കോഴ്സ് രണ്ടു വർഷം ആക്കി ഉത്തരവ് ഇറക്കിയിട്ടുണ്ടോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ഡി) | 07-03-2019 ലെ സ.ഉ (കൈ) നം.30/2019/ പൊവിവ പ്രകാരം ബി.എഡ് കോഴ്സിനെ പോലെ ഡി.എൽ.എഡ് കോഴ്സ് രണ്ട് വർഷമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | പ്രൈമറി അറബി അദ്ധ്യാപകനാവാൻ നിലവിൽ എന്തെല്ലാം യോഗ്യതകൾ നേടണമെന്ന് വ്യക്തമാക്കാമോ; പുതിയ മാറ്റങ്ങൾ പി.എസ്.സി യെ അറിയിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇനി വരുന്ന പി.എസ്.സി വിജ്ഞാപനങ്ങൾക്ക് പുതിയ യോഗ്യതകൾ, ബാധകമാക്കുമോ എന്ന് അറിയിക്കുമോ? | (ഇ) | കേരളത്തിലെ (യു.പി സ്കൂൾ/യു.പി വിഭാഗം) സ്കൂളുകളിൽ യു.പി അറബി അദ്ധ്യാപകനാകാനുള്ള യോഗ്യതകൾ അനുബന്ധം രണ്ടായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - പരീക്ഷാഭവൻ നടത്തുന്ന ഡി.എൽ.എഡ് (ഹിന്ദി, അറബിക്, ഉറുദു, സംസ്കൃതം) കോഴ്സുകളുടെ കാലാവധി, പ്രവേശനത്തിനുള്ള യോഗ്യത എന്നിവ പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

സ.ഉ(കൈ) നം.30/19/പൊവിവ — തീയതി, തിരുവനന്തപുരം 07/03/2019

---

പരാമർശം:- (1) എസ്.സി.ഇ.ആർ.ടി ഡയറക്ടറുടെ 6-12-2018 ലെ പി4/2671/18/എസ്.സി.ഇ.ആർ.ടി നമ്പർ കത്ത്.

**ഉത്തരവ്**

എൻ.സി.റ്റി.ഇ നിർദ്ദേശപ്രകാരം കേരളത്തിലെ സർവ്വകലാശാലകളുടെ നിയന്ത്രണത്തിലുള്ള ബി.എഡ് കോഴ്സുകൾ പുനഃസംഘടിപ്പിച്ചുവെങ്കിലും കേരളത്തിലെ ഡി.എൽ.എഡ് കോഴ്സുകൾ പുനഃസംഘടിപ്പിക്കാതെ ഇടരുന്നത് സങ്കീർണ്ണമായ പ്രശ്നങ്ങൾക്ക് വഴിവയ്ക്കുമെന്നും ഇത്തരം കോഴ്സുകൾ പൂർത്തിയായവർക്ക് അദ്ധ്യാപകവൃത്തി സ്വീകരിക്കാൻ കഴിയാത്ത സാഹചര്യം വന്നുചേരുമെന്നുമുള്ള വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

എൻ.സി.റ്റി.ഇ നിർദ്ദേശപ്രകാരം അദ്ധ്യാപക പരിശീലന കോഴ്സുകൾ നൂറ് ദിവസത്തെ ഇന്റേൺഷിപ്പ് ഉൾപ്പെടെ രണ്ട് വർഷം ദൈർഘ്യമുള്ളവയായിരിക്കണം. എന്നാൽ ഹിന്ദി, അറബിക്, ഉറുദു, സംസ്കൃതം എന്നി വിഷയങ്ങളിൽ പ്രൈമറി തലത്തിൽ അദ്ധ്യാപകരാകുന്നതിന് എൻ.സി.റ്റി.ഇ റെഗുലേഷൻ പ്രകാരമുള്ള അദ്ധ്യാപക പരിശീലന കോഴ്സുകൾ ഒന്നും തന്നെ വിദ്യാഭ്യാസ വകുപ്പ് ഇപ്പോൾ നടത്തുന്നില്ല. ഓറിയന്റൽ +2 വോ അദ്ധ്യാപക പരീക്ഷകളോ പാസായാൽ നേരിട്ട് പ്രൈമറി അദ്ധ്യാപകരാകാൻ കഴിയുന്ന സംവിധാനമാണ് ഇപ്പോൾ നിലവിലുള്ളത്. ഈ സാഹചര്യം എൻ.സി.റ്റി.ഇ നിഷ്കർഷിക്കുന്ന നിയമങ്ങൾക്ക് എതിരാണ്. അതിനാൽ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന ഒരു വർഷ ഡി.എൽ.എഡ് കോഴ്സ് രണ്ട് വർഷമാക്കി പരിഷ്കരിച്ച് മേൽ വിഷയങ്ങൾക്ക് പ്രൈമറി തലത്തിൽ (എൽ.പി, യു.പി) അദ്ധ്യാപകരാകുന്നതിനുള്ള യോഗ്യതയായി നിശ്ചയിക്കാവുന്നതാണെന്ന് എസ്.സി.ഇ.ആർ.ടി ഡയറക്ടർ പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരീക്ഷാഭവൻ നടത്തിവരുന്ന ഒരു വർഷ ഡി.എൽ.ഡി (ഹിന്ദി, അറബി, ഉറുദു, സംസ്കൃതം) കോഴ്സുകൾ രണ്ടു വർഷമാക്കി പരിഷ്കരിച്ച് മേൽ വിഷയങ്ങൾക്ക് പ്രൈമറി തലത്തിൽ (എൽ.പി/യു.പി) അദ്ധ്യാപകരാകുന്നതിന് യോഗ്യതയായി നിശ്ചയിച്ച് ഉത്തരവാകുന്നു.

ഡി.എൽ.എഡ് (ഹിന്ദി, അറബി, ഉറുദു, സംസ്കൃതം) കോഴ്സുകൾക്ക് പ്രവേശനം നേടുന്നതിനുള്ള അടിസ്ഥാന യോഗ്യതയും മറ്റു പൊതുനിർദ്ദേശങ്ങളും താഴെ പറയുന്നു.

**<u>പ്രവേശനത്തിനുള്ള യോഗ്യത</u>**

**<u>1). ഡി.എൽ.എഡ് (ഉറുദു)</u>**

1. ഉറുദു ഓപ്ഷണൽ ആയോ രണ്ടാം ഭാഷയായോ ഉള്ള ഹയർ സെക്കണ്ടറി പരീക്ഷ വിജയം

അല്ലെങ്കിൽ

3. പ്രീഡിഗ്രി അറബിക് പരീക്ഷാ വിജയം

അല്ലെങ്കിൽ

4. ഓറിയന്റൽ സ്കൂളിൽ നിന്നോ അക്കാഡമിക് സ്കൂളിൽ നിന്നോ ഒന്നാംഭാഷയായി അറബിക് പഠിച്ചുനേടിയ എസ്.എസ്.എൽ.സി പരീക്ഷാ വിജയവും ഹയർ സെക്കണ്ടറി (ഏതു വിഷയവും) പരീക്ഷാ വിജയവും.

അല്ലെങ്കിൽ

5. ഹയർ സെക്കണ്ടറി (ഏതു വിഷയവും) പരീക്ഷാ വിജയവും പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബിക് അദ്ധ്യാപക പരീക്ഷാ വിജയവും.

അല്ലെങ്കിൽ

6. ഏതെങ്കിലും ഭാഷയോടെയുള്ള ഹയർസെക്കണ്ടറിയും കേരളത്തിലെ സർവ്വകലാശാലകൾ നൽകുന്നതോ, അംഗീകരിച്ചതോ ആയ അറബിക് ബിരുദം/ബിരുദാനന്തര ബിരുദം.

## 4). ഡി.എൽ.എഡ് (സംസ്കൃതം)

1. സംസ്കൃതം ഐച്ഛികവിഷയമായോ രണ്ടാം ഭാഷയായോ പഠിച്ച ഹയർ സെക്കണ്ടറി പരീക്ഷാ വിജയം.

അല്ലെങ്കിൽ

2. ഓറിയന്റൽ സ്കൂളിൽ നിന്നോ അക്കാഡമിക് സ്കൂളിൽ നിന്നോ ഒന്നാംഭാഷയായി സംസ്കൃതം പഠിച്ചുനേടിയ എസ്.എസ്.എൽ.സി പരീക്ഷാ വിജയവും ഹയർ സെക്കണ്ടറി (ഏതു വിഷയവും) പരീക്ഷാ വിജയവും.

അല്ലെങ്കിൽ

3. രാഷ്ട്രീയ സംസ്കൃത സംസ്ഥാൻ നടത്തുന്ന പ്രാക് ശാസ്ത്രി പരീക്ഷാ വിജയം/തത്തുല്യ യോഗ്യത.

അല്ലെങ്കിൽ

4. ഹയർ സെക്കണ്ടറി (ഏതു വിഷയവും) പരീക്ഷാ വിജയവും പരീക്ഷാ കമ്മീഷണർ നടത്തുന്ന സംസ്കൃതം അദ്ധ്യാപക പരീക്ഷാ വിജയവും.

അല്ലെങ്കിൽ

5. കേരളത്തിലെ സർവ്വകലാശാലകളിൽ നൽകുന്നതോ അംഗീകരിച്ചതോ ആയ സംസ്കൃതം ഐച്ഛികവിഷയമായ പ്രീ ഡിഗ്രി/പ്രീ യൂണിവേഴ്സിറ്റി പരീക്ഷാ വിജയം.

അല്ലെങ്കിൽ

6. കേരളത്തിലെ സർവ്വകലാശാലകൾ അഫിലിയേറ്റ് ചെയ്തിട്ടുള്ള സംസ്കൃതം കോളേജുകളിൽ നിന്നുള്ള പ്രീഡിഗ്രി അല്ലെങ്കിൽ പ്രീ-യൂണിവേഴ്സിറ്റി പരീക്ഷാ വിജയം.

അല്ലെങ്കിൽ

7. ഏതെങ്കിലും ഭാഷയോടെയുള്ള ഹയർസെക്കണ്ടറി പരീക്ഷാ വിജയവും, കേരളത്തിലെ സർവ്വകലാശാലകൾ നൽകുന്നതോ, അംഗീകരിച്ചതോ ആയ സംസ്കൃതം ഭാഷയിലുള്ള ബിരുദം/ ബിരുദാനന്തര ബിരുദം.

## പൊതുനിർദ്ദേശങ്ങൾ

1. എൽ.പി, യു.പി (എലിമെന്ററി) ക്ലാസ്സുകളിലെ ഭാഷാദ്ധ്യാപക നിയമനങ്ങൾക്കുള്ള യോഗ്യത ബന്ധപ്പെട്ട ഭാഷാ വിഷയത്തിലെ ഡി.എൽ.എഡ് (ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ) ആയിരിക്കും. ഇത് രണ്ട് വർഷ കോഴ്സ് ആയിരിക്കും.
2. ബന്ധപ്പെട്ട ഭാഷാ വിഷയത്തിലെ ഡി.എൽ.എഡ് കോഴ്സ് അറിയപ്പെടുന്നത് ഡി.എൽ.എഡ് (ഹിന്ദി), ഡി.എൽ.എഡ് (അറബിക്), ഡി.എൽ.എഡ് (ഉറുദു),

അല്ലെങ്കിൽ

3. പ്രീഡിഗ്രി അറബിക് പരീക്ഷാ വിജയം.

അല്ലെങ്കിൽ

4. ഓറിയന്റൽ സ്കൂളിൽ നിന്നോ അക്കാഡമിക് സ്കൂളിൽ നിന്നോ ഒന്നാംഭാഷയായി അറബിക് പഠിച്ചുനേടിയ എസ്.എസ്.എൽ.സി പരീക്ഷാ വിജയവും ഹയർ സെക്കണ്ടറി (ഏതു വിഷയവും) പരീക്ഷാ വിജയവും.

അല്ലെങ്കിൽ

5. ഹയർ സെക്കണ്ടറി (ഏതു വിഷയവും) പരീക്ഷാ വിജയവും പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബിക് അദ്ധ്യാപക പരീക്ഷാ വിജയവും.

അല്ലെങ്കിൽ

6. ഏതെങ്കിലും ഭാഷയോടെയുള്ള ഹയർസെക്കണ്ടറിയും കേരളത്തിലെ സർവ്വകലാശാലകൾ നൽകുന്നതോ, അംഗീകരിച്ചതോ ആയ അറബിക് ബിരുദം/ബിരുദാനന്തര ബിരുദം.

## 4). ഡി.എൽ.എഡ് (സംസ്കൃതം)

1. സംസ്കൃതം ഐച്ഛികവിഷയമായോ രണ്ടാം ഭാഷയായോ പഠിച്ച ഹയർ സെക്കണ്ടറി പരീക്ഷാ വിജയം.

അല്ലെങ്കിൽ

2. ഓറിയന്റൽ സ്കൂളിൽ നിന്നോ അക്കാഡമിക് സ്കൂളിൽ നിന്നോ ഒന്നാംഭാഷയായി സംസ്കൃതം പഠിച്ചുനേടിയ എസ്.എസ്.എൽ.സി പരീക്ഷാ വിജയവും ഹയർ സെക്കണ്ടറി (ഏതു വിഷയവും) പരീക്ഷാ വിജയവും.

അല്ലെങ്കിൽ

3. രാഷ്ട്രീയ സംസ്കൃത സംസ്ഥാൻ നടത്തുന്ന പ്രാക് ശാസ്ത്രി പരീക്ഷാ വിജയം/തത്തുല്യ യോഗ്യത.

അല്ലെങ്കിൽ

4. ഹയർ സെക്കണ്ടറി (ഏതു വിഷയവും) പരീക്ഷാ വിജയവും പരീക്ഷാ കമ്മീഷണർ നടത്തുന്ന സംസ്കൃതം അദ്ധ്യാപക പരീക്ഷാ വിജയവും.

അല്ലെങ്കിൽ

5. കേരളത്തിലെ സർവ്വകലാശാലകളിൽ നൽകുന്നതോ അംഗീകരിച്ചതോ ആയ സംസ്കൃതം ഐച്ഛികവിഷയമായ പ്രീ ഡിഗ്രി/പ്രീ യൂണിവേഴ്സിറ്റി പരീക്ഷാ വിജയം.

അല്ലെങ്കിൽ

6. കേരളത്തിലെ സർവ്വകലാശാലകൾ അഫിലിയേറ്റ് ചെയ്തിട്ടുള്ള സംസ്കൃതം കോളേജുകളിൽ നിന്നുള്ള പ്രീഡിഗ്രി അല്ലെങ്കിൽ പ്രീ-യൂണിവേഴ്സിറ്റി പരീക്ഷാ വിജയം.

അല്ലെങ്കിൽ

7. ഏതെങ്കിലും ഭാഷയോടെയുള്ള ഹയർസെക്കണ്ടറി പരീക്ഷാ വിജയവും, കേരളത്തിലെ സർവ്വകലാശാലകൾ നൽകുന്നതോ, അംഗീകരിച്ചതോ ആയ സംസ്കൃതം ഭാഷയിലുള്ള ബിരുദം/ ബിരുദാനന്തര ബിരുദം.

## പൊതുനിർദ്ദേശങ്ങൾ

1. എൽ.പി, യു.പി (എലിമെന്ററി) ക്ലാസ്സുകളിലെ ഭാഷാദ്ധ്യാപക നിയമനങ്ങൾക്കുള്ള യോഗ്യത ബന്ധപ്പെട്ട ഭാഷാ വിഷയത്തിലെ ഡി.എൽ.എഡ് (ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ) ആയിരിക്കും. ഇത് രണ്ട് വർഷ കോഴ്സ് ആയിരിക്കും.
2. ബന്ധപ്പെട്ട ഭാഷാ വിഷയത്തിലെ ഡി.എൽ.എഡ് കോഴ്സ് അറിയപ്പെടുന്നത് ഡി.എൽ.എഡ് (ഹിന്ദി), ഡി.എൽ.എഡ് (അറബിക്), ഡി.എൽ.എഡ് (ഉറുദു),

ഡി.എൽ.എഡ് (സംസ്കൃതം) എന്നിങ്ങനെയായിരിക്കും.

3. ഡി.എൽ.എഡ് കോഴ്സ് പ്രവേശനത്തിനുള്ള അടിസ്ഥാന യോഗ്യത 50% മാർക്കോടെയുള്ള +2, അഥവാ തത്തുല്യ യോഗ്യതയായിരിക്കും.
4. +2 പഠനത്തിൽ ബന്ധപ്പെട്ട ഭാഷകൾ പഠിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പരിഗണിക്കപ്പെടുന്ന അദ്ധ്യാപക പരീക്ഷകൾ, ബിരുദം, ബിരുദാനന്തര ബിരുദം, ഡിപ്ലോമ കോഴ്സുകൾ, സർട്ടിഫിക്കറ്റ് കോഴ്സുകൾ തുടങ്ങിയ തത്തുല്യമായ കോഴ്സുകളും 50% മാർക്കോടെ വിജയിച്ചിരിക്കണം.
5. നിയമാനുസൃതമായി ഇളവ് ലഭിക്കുന്ന വിഭാഗങ്ങൾക്ക് അടിസ്ഥാന യോഗ്യതാ പരീക്ഷയിലെ മാർക്കിൽ 5% ഇളവ് അനുവദിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എച്ച്. നജീബ്
ജോയിന്റ് സെക്രട്ടറി

സ്വീകർത്താവ്:-

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം
സെക്രട്ടറി, പരീക്ഷാഭവൻ, തിരുവനന്തപുരം.
ഡയറക്ടർ, ഐ.ടി @ സ്കൂൾ, തിരുവനന്തപുരം.
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
ഡയറക്ടർ (വെബ് & ന്യൂമീഡിയ)/പ്രസ്സ് റിലീസ്/ വിവര പൊതുജനസമ്പർക്ക വകുപ്പ്
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും, ഓഫീസർമാർക്കും
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:

ബഹു. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ ക്ക്
പൊതു വിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## അനുബന്ധം II

കേരളത്തിലെ ഒരു സർവ്വകലാശാല അറബിയിൽ നൽകുന്നതോ, അംഗീകരിക്കുന്നതോ ആയ ഡിഗ്രി

അല്ലെങ്കിൽ

കേരളത്തിലെ ഒരു സർവ്വകലാശാല അറബിയിൽ നൽകുന്നതോ, അംഗീകരിക്കുന്നതോ ആയ പൗരസ്ത്യ ഭാഷാ ബിരുദം. അല്ലെങ്കിൽ

കേരളത്തിലെ എസ്.എസ്.എൽ.സി പരീക്ഷാ വിജയം

അല്ലെങ്കിൽ

കേരളത്തിലെ എസ്.എസ്.എൽ.സി പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബിക് മുൻഷി (ഹയർ) പരീക്ഷ വിജയം. അല്ലെങ്കിൽ

(a). കേരളത്തിലെ എസ്.എസ്.എൽ.സി പരീക്ഷാ വിജയം അല്ലെങ്കിൽ തത്തുല്യമായ യോഗ്യതയും.

(b). കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബിക് ടീച്ചേഴ്സ് പരീക്ഷയിൽ വിജയം

അല്ലെങ്കിൽ

കേരളവും കോഴിക്കോടും സർവ്വകലാശാലകൾ നടത്തുന്ന അറബിക് (പ്രിലിമിനറി) പരീക്ഷാ വിജയം

കേരളത്തിലെ സ്കൂളുകളിൽ (എൽ.പി സ്കൂൾ/എൽ.പി വിഭാഗം) അറബി അധ്യാപകനാകാനുള്ള യോഗ്യതകൾ ചുവടെ ചേർക്കുന്നു.

കേരളത്തിലെ ഒരു സർവ്വകലാശാല, അറബിയിൽ നൽകുന്നതോ, അംഗീകരിക്കുന്നതോ ആയ പൗരസ്ത്യഭാഷാ ബിരുദം

അല്ലെങ്കിൽ

കേരള ഗവൺമെന്റ് പരീക്ഷാകമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി പരീക്ഷയിൽ അറബി പാർട്ട് I -ഉം II-ഉം ഫസ്റ്റ് ലാംഗ്വേജായി എസ്.എസ്.എൽ.സി പരീക്ഷാ വിജയം

അല്ലെങ്കിൽ

(a). കേരള ഗവൺമെന്റ് പരീക്ഷാകമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി പരീക്ഷയിൽ വിജയം വിജയം അല്ലെങ്കിൽ തത്തുല്യമായ യോഗ്യതയും.

(b). കേരള ഗവൺമെന്റ് പരീക്ഷാകമ്മീഷണർ നടത്തുന്ന മുൻഷി (ഹയർ) പരീക്ഷയിൽ വിജയവും

അല്ലെങ്കിൽ

കേരള ഗവൺമെന്റ് പരീക്ഷാകമ്മീഷണർ നടത്തുന്ന അറബി മുൻഷി (ലോവർ) പരീക്ഷാ വിജയവും

അല്ലെങ്കിൽ

കേരള ഗവൺമെന്റ് പരീക്ഷാകമ്മീഷണർ നടത്തുന്ന അറബി ടീച്ചേഴ്സ് എക്സാമിനേഷനിൽ വിജയവും

അല്ലെങ്കിൽ

കേരള കോഴിക്കോട് സർവ്വകലാശാലകൾ നടത്തുന്ന അറബി പ്രവേശന പരീക്ഷാ വിജയവും ഇത് കൂടാതെ 03-09-2018 ലെ ജി.ഒ (എം.എസ്) നം.154/2008/പൊവിവ പ്രകാരം പ്ലസ് ടു പാർട്ട് III അറബിക് (ഓപ്ഷണൽ) കോഴ്സ് ഗവൺമെന്റ്/എയ്ഡഡ് എൽ.പി സ്കൂളുകളിലെ അറബി അദ്ധ്യാ-പക നിയമനത്തിനുള്ള യോഗ്യതയായി അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

ഇവ കൂടാതെ ബന്ധപ്പെട്ട കെ-ടെറ്റ് പരീക്ഷായോഗ്യതയും (കെ-ടെറ്റ് കാറ്റഗറി IV) നേടിയിരിക്കണം. സർക്കാർ ഉത്തരവിന്റെ പകർപ്പ് പി.എസ്.സി ക്ക് നൽകിയിതായി ഉത്തരവിൽ നിന്ന് മനസ്സിലാക്കുന്നു. പുതിക്കിയ സർക്കാർ ഉത്തരവിന് മുമ്പ് മേൽ സൂചിപ്പിച്ച കോഴ്സ് വിജയിച്ച ഉദ്യോഗാർത്ഥികൾ അയോഗ്യരല്ല. പുതിയ വിജ്ഞാപനങ്ങൾക്ക് പരിഷ്കരിച്ച യോഗ്യതകൾ ബാധകമാകുന്നതാണ്.

സെക്ഷൻ ഓഫീസർ